LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി മുനിസിപ്പാലിറ്റി ടൗൺഹാൾ നിർമ്മാണം

99 (2932) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചാലക്കുടി മുനിസിപ്പാലിറ്റി ടൗൺഹാൾ നിർമ്മാണത്തിനായി ഫണ്ട് നൽകിയവർക്ക് അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ചട്ടവിരുദ്ധമായി സഹായം ചെയ്യുന്നു എന്ന പരാതിയിൻമേൽ തൃശ്ശൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂരിന്റെ അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എൽ.എസ്സ്.ജി.ഡി. ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ളവർ സ്ഥലം നേരിട്ട് സന്ദർശിച്ച് നടപടികൾ സ്വീകരിക്കണം എന്നതടക്കമുള്ള റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനും വിജിലൻസ് റിപ്പോർട്ട് പ്രകാരമുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി ആന്റ് സി) ബാധകമല്ല.

നീലേശ്വരം മുനിസിപ്പാലിറ്റിയിലെ ബസ്സ്റ്റാന്റ് നിർമ്മാണം

100 (2933) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിക്ക് കാർഷിക യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള സ്ഥലം ബസ്റ്റാന്റ് നിർമ്മാണത്തിനായി മന്ത്രിസഭാ ഉത്തരവ് മുഖാന്തരം അനുവദിച്ച് വർഷങ്ങൾ 3 കഴിഞ്ഞിട്ടും മുനിസിപ്പാലിറ്റിക്ക് ഇത് കൈമാറി കിട്ടാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ നഗരാസൂത്രണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നീലേശ്വരം നഗരസഭയ്ക്ക് കാർഷിക യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള കരുവാച്ചേരിയിലുള്ള 2 ഏക്കർ സ്ഥലം കൃഷി (ഫാംസ്) വകുപ്പിന്റെ 9-11-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവെങ്കിലും പ്രസ്തുത സ്ഥലം കാർഷിക സർവ്വകലാശാല ഇതുവരെയും നീലേശ്വരം നഗരസഭയ്ക്ക് വിട്ടു നൽകാൻ തയ്യാറായിട്ടില്ല.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.